സൺഡേ
മംഗളം

# ഏബ്രഹാം 'പ്പതി'

വിവിധ ചികിത്സാ രീതികൾ കൂട്ടിയോജിപ്പിച്ച് അലർജി, തുമ്മൽ, ആസ്മ തുടങ്ങിയ രോഗങ്ങൾക്ക് ശ്രദ്ധേയമായ പ്രതിവിധി ഒരുക്കുന്നവേറിട്ട ഡോക്ടർ പി.ഇ. ഏബ്രഹാമിനെ കുറിച്ച്, അദ്ദേഹത്തിന്റെ ചികിത്സയിലൂടെ മരണവക്കിൽനിന്ന് ജീവിതത്തിലേക്ക് തിരിച്ചുവന്ന മുതിർന്ന പത്രപ്രവർത്തകൻ എഴുതുന്നു.



എൻ.എൻ. സത്യവ്രതൻ

"വലിയൊരു അത്ഭുതമാണത്; എങ്ങനെയെന്ന് എനിക്കു വിശദീകരിക്കാനാവില്ല".

കൊച്ചി നഗരത്തിലെ പ്രമുഖമായൊരു ആശുപത്രിയിലെ ഡോക്ടർക്ക് ഏതാനും വർഷം മുമ്പത്തെ ആ സംഭവം ഇന്നും നല്ല ഓർമ്മ. ജോണ്ടീസ് ബാധിച്ച് കരളിന്റെ പ്രവർത്തനം സമ്പൂർണ്ണമായി നിലച്ച നിലയിലായിരുന്നു രോഗി. അബോധാവസ്ഥയിൽ. ഇനി രക്ഷയില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി. ആകെ വിഷമിച്ച ബന്ധുക്കൾ അറിയാവുന്നവരോടെല്ലാം ഉപദേശം തേടി. ഒരു ബന്ധു പരിചയമുള്ള മറ്റൊരു ഡോക്ടറെ നിർദ്ദേശിച്ചു.

അദ്ദേഹം നൽകിയ ഹോമിയോ മരുന്നുകൾ വിസ്മയകരമായ മാറ്റമാണുണ്ടാക്കിയത്. അഞ്ചു ദിവസം കൊണ്ട് രോഗി അപകടനില തരണം ചെയ്തു. വൈകാതെ ആശുപത്രിയിൽനിന്ന് ഡിസ്ചാർജായി. പുതിയ ഡോക്ടർക്കു കീഴിൽ 3-4 മാസത്തെ ചികിത്സകൊണ്ട് പൂർണമായും രോഗവിമുക്തനുമായി.

***

"അത് അത്ഭുതമൊന്നുമല്ല, ശാസ്ത്രം മാത്രം", രോഗിയെ മരണത്തിൽനിന്നും തിരിച്ചുകൊണ്ടുവന്ന ഡോ. പി. ഇ. ഏബ്രഹാം പറയുന്നു. മെഡിക്കൽ എത്തിക്സിനു വിരുദ്ധമായ ഒന്നാണ് ഞാൻ ചെയ്തത്. മറ്റൊരാശുപത്രിയിൽ ചികിത്സയിലിരുന്ന രോഗിക്കാണ് മരുന്നു കൊടുത്തത്. എന്നാൽ മരിക്കാൻ പോകുന്ന രോഗിയുടെ കാര്യമായതിനാൽ ആരും തടസം നിന്നില്ല.

ഡോ. ഏബ്രഹാമിന്റെ രോഗികൾക്കു പറയാൻ ഇതുപോലെ നിരവധി അത്ഭുതകഥകളുണ്ട്. ഡോക്ടർക്കു പറയാൻ വൈദ്യശാസ്ത്രത്തിലെ വ്യത്യസ്തമായ വഴികളുടെ ശാസ്ത്രീയതയും. അലോപ്പതിയിൽ എം.ഡി. ബിരുദം നേടിയശേഷം കിട്ടിയ ജോലിയും കളഞ്ഞ് യോഗയും പ്രകൃതിചികിത്സയും പഠിക്കാൻ നടക്കുന്നവർക്ക് എന്തോ കുഴപ്പമുണ്ടെന്നാണ് ഇന്നും ആളുകൾ കരുതുക. എന്നാൽ ഡോ. ഏബ്രഹാം ഇങ്ങനെ ഇറങ്ങി നടന്നത് എഴുപതുകളിലാണ്. വേറിട്ട ആ മനസാണ് അലോപ്പതി, ഹോമിയോപ്പതി വൈദ്യ മേഖലകളിൽ ഉന്നതബിരുദങ്ങളും പാരമ്പര്യ-ബദൽ ചികിത്സാരീതികളിൽ വൈദഗ്ധ്യവും നിറഞ്ഞ ഈ ഡോക്ടറെ ഒരു ലക്ഷത്തിലേറെ രോഗികൾക്ക് പ്രിയങ്കരനാക്കുന്നത്. നിരവധി പ്രമുഖ വ്യക്തികളും ഈ കൂട്ടത്തിലുണ്ട്.

കോട്ടയം മെഡിക്കൽ കോളജിൽനിന്ന് ജനറൽ മെഡിസിനിലെ ആദ്യ എം.ഡി. ബിരുദധാരിയാണ് ഇദ്ദേഹം. അന്ന് അലോപ്പതി വൈദ്യരംഗത്ത് ലഭ്യമായതിൽ വെച്ച് ഏറ്റവും ഉയർന്ന തലങ്ങളിൽ പഠനം പൂർത്തിയാക്കിയിട്ടും താൻ തൃപ്തനായില്ലെന്ന് ഡോക്ടർ പറയുന്നു. എന്തുകൊണ്ട്? എങ്ങനെ? എന്ന രണ്ടു ചോദ്യങ്ങളാണ് എന്നെ വൈദ്യശാസ്ത്രരംഗത്തെത്തിച്ചത്. അമ്മയുടെ മാറാത്ത ആസ്ത്മയാണ് ആ ചോദ്യം ഉണ്ടാക്കിയത്. ചില രോഗങ്ങൾ എന്തുകൊണ്ട് മാറുന്നില്ല? അവ എങ്ങനെ മാറ്റാം? മാറാത്ത നിജരോഗങ്ങൾ (ക്രോണിക്ക് ഡിസീസസ്) ബഹുഭൂരിപക്ഷവും അലർജിയുടെ ഭാഗമായി ഉണ്ടാകുന്നതാണ്. അവയ്ക്ക് സ്ഥായിയായ മരുന്നില്ലെന്നാണ് അന്നും ഇന്നും ആധുനിക വൈദ്യശാസ്ത്രത്തിനു പറയാനുള്ളത്. ജീവിതകാലം മുഴുവൻ നിരവധി മരുന്നുകളുടെ അടിമയായി രോഗം നിയന്ത്രിച്ചു നിർത്താം എന്നു മാത്രം.

അതിനിടെ ഡോക്ടറേയും രോഗങ്ങൾ പിടികൂടി.

അപ്പൻഡിസൈറ്റിസ്, ടോൺസിലൈറ്റിസ് ഓപ്പറേഷനുകൾക്ക് വിധേയനായി. മാറാത്ത ജലദോഷവും തുമ്മലും ഒപ്പം കൂടി.

ആസ്ത്മയുടെ വക്കിലെ നില. അങ്ങനെയിരിക്കുമ്പോൾ യാദൃശ്ചികമായാണ് കൈതാരം നാരായണയ്യർ എന്ന സുഹൃത്ത് രണ്ടു ചെറിയ മാസികകൾ വായിക്കാനായി നൽകുന്നത്. സ്വാമി സത്യാനന്ദസരസ്വതിയുടെ ബീഹാർ യോഗ വിദ്യാലയത്തിൽനിന്നുള്ള യോഗ മാസികയുടെ രണ്ടു ലക്കങ്ങളായിരുന്നു അത്. സ്വാമിയുടെ ശിക്ഷണത്തിൽ യോഗ പരിശീലിപ്പിച്ച് ആസ്ത്മ രോഗത്തിൽനിന്ന് പൂർണ മുക്തി നേടിയ ജോൺ മേയർ എന്ന ഓസ്ട്രേലിയൻ ഡോക്ടറുടെ ലേഖനമാണ് അതിൽ ഡോ. എബ്രഹാമിനെ ഏറ്റവും ആകർഷിച്ചത്. വൈകാതെ ബീഹാറിലേക്കു വണ്ടി കയറി. സ്വാമി സത്യാനന്ദസരസ്വതിയിൽനിന്നും സ്വാമി ശങ്കർ ദേവാനന്ദ സരസ്വതിയായി മാറിയ ജോൺ മേയറിൽനിന്നും നേരിട്ട് യോഗ അഭ്യസിച്ചു.

ചുരുങ്ങിയ കാലത്തെ ആ പരിശീലനം തന്നെ ആകെ മാറ്റി മറിച്ചതായി ഡോ. എബ്രഹാം പറയുന്നു. ബീഹാറിലെ പഠനകാലത്താണ് സ്വാമി സത്യാനന്ദയുടെ ഗുരുവായ സ്വാമി ശിവാനന്ദയെക്കുറിച്ചറിയുന്നത്. ഹിമാലയത്തിൽ തപസ്സനുഷ്ഠിച്ചിരുന്ന സ്വാമി ശിവാനന്ദ പൂർവാശ്രമത്തിൽ ഡോക്ടറായിരുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങളിലെ ആരോഗ്യ സംബന്ധമായ നിരീക്ഷണങ്ങൾ രോഗത്തേയും ചികിത്സയേയും കുറിച്ച് പുതിയ വെളിച്ചം നൽകി. മനസുകൊണ്ട് സ്വാമിയെ ഗുരുവായി സ്വീകരിച്ചായിരുന്നു ഡോക്ടറുടെ പിന്നീടുള്ള ചികിത്സയും പഠന ഗവേഷണങ്ങളും.

മനുഷ്യന്റെ ജന്മാവകാശമാണ് സന്തുഷ്ടമായ ജീവിതം. അതിന് മനസ്സിനും ശരീരത്തിനും ശാശ്വതമായ ആരോഗ്യം വേണം. ഇതിനായി വിവിധ ചികിത്സാരീതികളുടെ സമന്വയമാണ് ഡോക്ടർ സ്വപ്നം കണ്ടത്. അങ്ങനെ ബ്രിട്ടനിലെത്തി. ഹോമിയോപ്പതി പഠിച്ച് എം.എഫ്. ബിരുദം നേടി. അമേരിക്കയിൽനിന്നും വിറ്റാന്യൂട്രിയൻ തെറാപ്പിയിൽ പരിശീലനം നേടി. പ്രകൃതി ചികിത്സയും അക്യുപങ്ചറും പോലുള്ള പാരമ്പര്യ-ബദൽ ചികിത്സാരീതികളും അഭ്യസിച്ചു.

പഠനം കഴിഞ്ഞ് തിരിച്ചുവന്നശേഷം ഡോക്ടറുടെ മുന്നിലെത്തിയ പ്രധാനപ്പെട്ട രോഗി ഒരു ബന്ധുവിന്റെ മകനായിരുന്നു.

കോളേജ് വിദ്യാർഥി. ടൈഫോയ്ഡ് മൂർച്ഛരിച്ച് ഗുരുതരാവസ്ഥയിലായിരുന്നു രോഗി. ഇടയിലുണ്ടായ ഓപ്പറേഷൻ പ്രശ്നങ്ങൾ രൂക്ഷമാക്കി. ഡോക്ടർ പരിശോധനയ്ക്കെത്തുമ്പോൾ മരണത്തെ സമീപിച്ചുകൊണ്ടിരിക്കുന്ന സ്ഥിതി. കുട്ടിയുടെ അച്ഛന്റേയും അപ്പോൾ നോക്കിയിരുന്ന ഡോക്ടറുടേയും അനുവാദത്തോടെ മരുന്നുകൾ കൊടുത്തു. 24 മണിക്കുറിനുള്ളിൽ അബോധാവസ്ഥയിലായിരുന്ന ആ ചെറുപ്പക്കാരൻ കണ്ണു തുറന്നു. ആളുകളെ തിരിച്ചറിഞ്ഞു. ഏതാനും ആഴ്ച്ചകൾകൊണ്ട് ആരോഗ്യം വീണ്ടെടുത്തു.

ഇങ്ങനെയുള്ള നിരവധി അനുഭവങ്ങൾ പുതിയ ചികിത്സാ സമീപനത്തെ ഡോക്ടർമാരുടെ ഇടയിൽ വരെ പ്രശസ്തമാക്കി. കോട്ടയത്തിനു പുറത്ത് എറണാകുളത്തും ഡോക്ടറുടെ 'സംഗമം' ഹെൽത്ത് കോംപ്ലക്സ് നിലവിൽ വന്നു. 'ഇതൊരാശുപത്രിയല്ല. ഞാൻ ചികിത്സിക്കുകയുമല്ല', ഡോക്ടർ പറയുന്നു. 'ഒരാൾക്ക് അയാളുടെ ഹെൽത്ത് മാനേജ്മെന്റിനാവശ്യമായ വിദഗ്ധോപദേശം നൽകുക മാത്രമാണിവിടെ''. എല്ലാ ചികിത്സാരീതികളുടേയും സമന്വയത്തെ സൂചിപ്പിക്കുന്നതാണ് സംഗമം എന്ന പേര്. അലോപ്പതിയും ഹോമിയോയും ആയുർവേദവും പ്രകൃതിചികിത്സയും എല്ലാം ഇവിടെ സംഗമിക്കുന്നു. ഒന്നിനോടും നിഷേധസമീപനമില്ല.

രോഗിയുമായുള്ള വിശദമായ അഭിമുഖത്തിലൂടെയാണ് ചികിത്സ തുടങ്ങുക. കുടുംബ സാഹചര്യങ്ങളും ചികിത്സാ ചരിത്രവും ഒക്കെ ചോദിച്ചറിയും. തുടർന്ന് യോഗ, ആരോഗ്യകരമായ ഭക്ഷണക്രമം, ചുരുങ്ങിയ മരുന്നുകൾ എന്നിവയടങ്ങിയ ജീവിതരീതി നിശ്ചയിക്കും. ഗുരുതരമായ കരൾ, വൃക്ക രോഗങ്ങൾക്കും മറ്റും ഡോക്ടറുടെ ചികിത്സ തേടി ആളുകൾ എത്തുന്നുണ്ടെങ്കിലും ആസ്ത്മയും അലർജി രോഗങ്ങളുമാണ് മുഖ്യം. ഇരുപതും മുപ്പതും വർഷം പഴക്കമുള്ള ആസ്ത്മ രോഗികൾ വരെ ഇവിടെ എത്തുന്നുണ്ട്. കൃത്യമായി നിർദ്ദേശങ്ങൾ പാലിച്ച 90 ശതമാനത്തോളം പേർക്കും രോഗശമനം ഉണ്ടായിട്ടുണ്ട്.''കുട്ടികളുടെ കാര്യത്തിൽ ഒന്നര വർഷത്തിനുള്ളിൽ രോഗവിമുക്തി നൽകാമെന്ന് എനിക്കിപ്പോൾ ഉറപ്പു പറയാൻ സാധിക്കും''. മുപ്പതു വർഷത്തിലേറെ നീണ്ട ചികിത്സാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡോക്ടർ പറയുന്നു.

മരുന്നുകൾ ഉപയോഗിക്കേണ്ടി വരാത്ത അവസ്ഥയാണ് രോഗവിമുക്തിയെന്ന് ഡോക്ടറുടെ പക്ഷം. ഇദ്ദേഹത്തിന്റെ കാഴ്ച്ചപ്പാടിൽ ഭക്ഷണമാണ് രോഗമുണ്ടാക്കുന്നതും മാറ്റുന്നതും. ദിവസവും അതിരാവിലെ നാലു ഗ്ലാസ്സ് വെള്ളം കുടിക്കുകയും ലളിതമായ ശ്വസന വ്യായാമം പരിശീലിക്കുകയും ചെയ്താൽതന്നെ ശരീരവും മനസ്സും ഊർജ്ജസ്വലമാകുന്നത് അനുഭവിക്കാം.

'ഇഷ്ടമുള്ളത് ഇഷ്ടമുള്ളപ്പോൾ തിന്നുക എന്നാൽ എപ്പോഴും മരിക്കാൻ തയാറായിട്ടിരിക്കുക' എന്നാണർഥം; തന്റെ വഴിക്ക് പാശ്ചാത്യചിന്തകരുടെ വാക്കുകളും ധാരാളം സംസ്കൃത ശ്ലോകങ്ങളും ഡോക്ടർക്കു പിൻബലം. ഡോക്ടർ എന്ന വാക്കിന്റെ അർഥം 'മഹാനായ ഗുരുനാഥൻ' എന്നാണ്. ആ അർത്ഥത്തെ സാക്ഷാത്കരിക്കാനുള്ള ശ്രമമാണ് തന്റെ ജീവിതമെന്ന് ഇദ്ദേഹം സംഗ്രഹിക്കുന്നു.

ഡോക്ടറുടെ രീതികളുടെ പ്രായോഗികതക്കുള്ള ഏറ്റവും പ്രത്യക്ഷമായ തെളിവ് ഇദ്ദേഹം തന്നെയാണ്. അറുപതുകളിലെത്തിയിട്ടും ചെറുപ്പത്തിന്റെ ചുറുചുറുക്കോടെ, അസുഖങ്ങളൊന്നുമില്ലാതെ കോട്ടയത്തും എറണാകുളത്തും പതിവായി നൂറുകണക്കിന് രോഗികളെ കാണാനെത്തുന്നു; പഠനവും ഗവേഷണവും തുടരുന്നു, തോട്ടത്തിൽ കൃഷിപ്പണികളിലേർപ്പെടുന്നു, നാടിന്റെ പലഭാഗങ്ങളിലും ഓടിയെത്തി പ്രഭാഷണങ്ങളും മറ്റും നടത്തുന്നു... സംയോജിത ചികിത്സയിലെ വിദഗ്ധ പഠനങ്ങൾക്കും പരിശീലനത്തിനുമായി വിപുലമായൊരു അക്കാദമിയെ സ്വപ്നത്തിന്റെ ചിറകിലാണ് ഇപ്പോൾ ഡോ. എബ്രഹാം. തന്റെ അനുഭവങ്ങളും ഗവേഷണ ചികിത്സാരീതികളും അടുത്ത തലമുറയ്ക്ക് കൈമാറാനുള്ള പരിശ്രമത്തിൽ.